## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *53

29.10.2019 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. വി. ജോയി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായങ്ങൾ തുടങ്ങാൻ മുൻകൂർ ലൈസൻസോ പെർമിറ്റോ ആവശ്യമില്ലെന്നും അത് മൂന്ന് വർഷത്തിനുള്ളിൽ നേടിയാൽ മതിയെന്നും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായ വകുപ്പിലെ സേവനങ്ങൾ മുഴുവൻ ഏകജാലകമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; നിക്ഷേപ പ്രോത്സാഹന ബ്യൂറോ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | പുതിയ വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയ്ക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്.<br>10 കോടി രൂപയ്ക്ക് മുകളിലുള്ള മൂലധന നിക്ഷേപമുള്ള എല്ലാ വ്യവസായങ്ങൾക്കുള്ള അംഗീകാരങ്ങൾ അതിവേഗം നല്കുന്നതിനായി നിയമനിർമ്മാണം ഈ നിയമസഭാ-കാലയളവിൽ നടത്തുവാനുള്ള പരിശ്രമങ്ങൾ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| **സി)** | അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങൾ, വ്യവസായ ഇടനാഴിക്ക് ലഭിച്ച അംഗീകാരം, ദുബായിൽ വച്ച നടന്ന സംരംഭക കൂട്ടായ്മ എന്നിങ്ങനെ നിക്ഷേപകരെ ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | **(സി)** | വ്യവസായ അടിസ്ഥാന വികസനത്തിനായി കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ എറണാകുളത്തെ പെട്രോകെമിക്കൽ പാർക്ക് (1264 കോടി രൂപ), തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്- Phase-II (301.17 കോടി രൂപ), പാലക്കാട് കണ്ണൂർ ജില്ലകളിൽ വ്യവസായ അടിസ്ഥാന വികസനം- ഭൂമി ഏറ്റെടുക്കൽ (12710 കോടി രൂപ) എന്നിവയാണ്.<br><br>സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് എറണാകുളം മുതൽ കോയമ്പത്തൂർ വരെയുള്ള എറണാകുളം കോയമ്പത്തൂർ ദേശീയ പാതയിൽ ഉൾപ്പെടുന്ന ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു വ്യവസായ ഇടനാഴി (കൊച്ചി-ബാംഗ്ലൂർ) സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതിക്ക് അനുയോജ്യമായ ലഭ്യമാകുന്ന ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**